**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2477** **13-09-2023 - ൽ മറുപടിയ്ക്ക്**

**ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള മെറ്റീരിയൽ തുക യഥാസമയം അനുവദിച്ച് കിട്ടാത്തതിനാൽ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാൻ ഗുണഭോക്താക്കൾ തയ്യാറാവാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ദുർബല വിഭാഗത്തിൽപ്പെടുന്ന ഗുണഭോക്താക്കൾക്ക് വ്യക്തിഗത ആസ്തികൾ നിർമ്മിച്ച് നൽകുമ്പോൾ മെറ്റീരിയൽ ഇനത്തിലെ കേന്ദ്രവിഹിതം ലഭ്യമല്ലാതെ വരുന്ന സാഹചര്യത്തിൽ മെറ്റീരിയൽ ഘടകത്തിലെ തുക ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും വിതരണം ചെയ്യുന്നതിനും കേന്ദ്രവിഹിതം ലഭ്യമാകുന്ന മുറയ്ക്ക് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് റീക്ലപ്പ് ചെയ്യാനും അനുമതി നൽകുന്ന ഉത്തരവ്, 02.11.2020 ലെ സ.ഉ.(സാധാ) നം.2056/2020/ തസ്വഭവ നമ്പർ പ്രകാരം പുറപ്പെടുവിച്ചിരുന്നു. കൂടാതെ ദേശവത്കൃത/സഹകരണ ബാങ്കിൽ നിന്നും ഗുണഭോക്താക്കൾക്ക് കുറഞ്ഞ പലിശയിൽ വായ്പ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ മുഖേന നടപടി സ്വീകരിച്ച് വരുന്നു. |
| (സി) | പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് ഏകീകൃത ബദൽ മാർഗ്ഗം കണ്ടെത്തുന്ന കാര്യം പരിഗണണനയിലുണ്ടോ വിശദമാക്കുമോ; | (സി) | ഇല്ല. |
| (ഡി) | പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് ലോക്കൽ മാർക്കറ്റ് റേറ്റിൽ വായ്പ അനുവദിക്കുന്നതിന് ബാങ്കുകൾക്ക് നിർദേശം നൽകുന്ന കാര്യവും ഗുണഭോക്താക്കൾക്ക് കുടുംബശ്രീ മുഖേന പലിശരഹിതവായ്പ അനുവദിക്കുന്ന കാര്യവും പരിഗണനയിലുണ്ടോ എന്ന് വിശദമാക്കുമോ? | (ഡി) | ദേശവത്കൃത ബാങ്ക്/സഹകരണ ബാങ്കിൽ നിന്നും കുടുംബശ്രീ മുഖേനയും ഗുണഭോക്താക്കൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ